(സി) കാണാതായവരിൽ മരണമടഞ്ഞത് 148 കൊലചെയ്യപ്പെട്ടത് 18.

(ഡി) കാണാതായവരെ സംബന്ധിച്ച് 10,008 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) കാണാതായവരിൽ 9110 പേർ തിരിച്ചെത്തിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 287 പേരെ കാണാതായിട്ടുണ്ട്.

സി. ബി. ഐ. അന്വേഷണ പരിധി വർദ്ധിപ്പിക്കൽ

80. [80] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിലെ ഇരട്ട കൊലപാതകത്തെക്കുറിച്ച് നടക്കുന്ന സി. ബി. ഐ. അന്വേഷണത്തിന്റെ പരിധിയിൽ അങ്ങാടി സുലോചനാ വധം, പെരിങ്ങനം കോവിലകം ഇരട്ട കൊലപാതകം എന്നീ കേസുകൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) അങ്ങാടി സുലോചനാ വധവുമായി ബന്ധപ്പെട്ട കേസ് കുന്നംകുളം ഡി. വൈ. എസ്. പി. ഉൾപ്പെട്ട ഒരു പ്രത്യേക അന്വേഷണസംഘവും, പെരിങ്ങനം കോവിലകം ഇരട്ട കൊലപാതകവുമായി ബന്ധപ്പെട്ട കേസ് സി. ബി. സി. ഐ. ഡി., ഡി. വൈ. എസ്. പി.യുടെ നേരിട്ടുള്ള ചുമതലയിലും അന്വേഷിച്ചു വരുന്നതിനാൽ പ്രസ്തുത കേസ്സുകൾ മാളയിലെ ഇരട്ടകൊലപാതകത്തെക്കുറിച്ചു നടക്കുന്ന സി. ബി. ഐ. അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അധോലോക ആക്രമണങ്ങളിൽ മരണപ്പെട്ടവർ

81. [81] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ എത്ര അധോലോക ആക്രമണങ്ങൾ നടന്നിട്ടുണ്ട്, ഇതിൽ എത്ര പേർക്ക് പരിക്കുപറ്റിയെന്നും എത്ര പേർ മരിച്ചുവെന്നും ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തു;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly